ഇതിലൊന്നുമില്ല. അതുകൊണ്ട് യാചകരും വികലാംഗരും പാവപ്പെട്ടവരും രോഗികളുമായ ഇവരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുവേണ്ടി ഏറ്റവും നല്ല പെൻഷൻ സമ്പ്രദായവും ചികിൽസാ സഹായവും മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങളും പെൺമക്കളുടെ വിവാഹ ധനസഹായവും മരണാനന്തര ധനസഹായവും ഭവന നിർമ്മാണ സഹായവും അപകട സഹായവും ഇവർക്ക് ഉറപ്പുവരുത്തുന്നതോടൊപ്പം വികലാംഗരായിട്ടുള്ള, ശാരീരിക വിഷമതകൾ അനുഭവിക്കുന്ന ലോട്ടറി കച്ചവടക്കാർക്ക് വാഹനം നൽകുന്നതിനുള്ള സഹായവും ചെയ്യണം. ഈ കാര്യങ്ങളും ഇതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ക്ഷേമപദ്ധതിയിലേക്കുള്ള ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ടു കൊണ്ടാണ് ഞാൻ സൂചിപ്പിച്ചത്. ഞാൻ ഈ ചർച്ച ഇവിടെ അവസാനിപ്പിക്കുന്നില്ല.

(ചർച്ച തുടരും)

(2) 2004-ലെ കേരള പാരലൽ കോളേജ് അദ്ധ്യാപക ക്ഷേമനിധി ബിൽ

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, 2004-ലെ കേരള പാരലൽ കോളേജ് അദ്ധ്യാപക ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ഇതിനെ എതിർക്കുകയാണ്. എതിർക്കാൻ വേണ്ടി എതിർക്കുന്നതല്ല. ഇദ്ദേഹം പറയുന്ന ആശയം പ്രായോഗികമായി നടപ്പാക്കാൻ ബുദ്ധിമുട്ടാണ്. നമ്മുടെ സംസ്ഥാനത്ത് പട്ടണ പ്രദേശങ്ങളിലും ഗ്രാമ പ്രദേശങ്ങളിലും വളരെയേറെ അഭ്യസ്തവിദ്യരായ യുവതീ യുവാക്കൾക്ക് തൊഴിൽ നൽകുന്ന സ്ഥാപനങ്ങളാണ് പാരലൽ കോളേജുകൾ. ഇത്തരം സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഗ്രാഡ്വേറ്റും പോസ്റ്റ് ഗ്രാഡ്വേറ്റും യോഗ്യതയുള്ള നിരവധി തൊഴിൽ അന്വേഷകരായ യുവതീയുവാക്കൾ ഇതുകൊണ്ട് ഉപജീവനം നടത്തുന്നുണ്ട്. വ്യക്തിപരമായ കണക്കുകളൊന്നും നമ്മുടെ കൈയിലില്ല. ഏകദേശം ഒരു ലക്ഷത്തോളം ചെറുപ്പക്കാർക്ക് ഈ പാരലൽ കോളേജുകളിൽ തൊഴിൽ ലഭിക്കുന്നുണ്ട് എന്നാണ് കണക്ക്. തൊഴിലന്വേഷകരായ അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർ ഇടത്താവളം എന്നുള്ള നിലയിലാണ് പാരലൽ കോളേജുകളിൽ പഠിപ്പിക്കുന്നത്. മാന്യമായ ഏതെങ്കിലും ഒരു തൊഴിൽ കിട്ടിക്കഴിയുമ്പോൾ ഇവർ പാരലൽ കോളേജ് വിട്ടുപോകും. കാലക്രമത്തിൽ പാരലൽ കോളേജ് ഇല്ലാതാകുന്ന സ്ഥിതിവിശേഷം നിലവിലുള്ളപ്പോൾ പാരലൽ കോളേജുകളിൽ പഠിപ്പിക്കുന്നവർക്ക് സ്ഥിരം സ്വഭാവം ഇല്ലാത്ത സാഹചര്യത്തിൽ ക്ഷേമനിധി രൂപീകരിക്കുക എന്നുള്ളത് പ്രായോഗികമല്ലാത്തതുകൊണ്ടാണ് ബഹുമാനപ്പെട്ട മാങ്കോട് രാധാകൃഷ്ണന്റെ ബില്ലിനെ ഗവൺമെന്റ് എതിർക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, എന്റെ ബില്ലിന്റെ മറുപടിയായി ബഹുമാന്യനായ മന്ത്രി ഇവിടെ സംസാരിച്ചപ്പോൾ, കേരളത്തിൽ പാരലൽ കോളേജുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഒരു ലക്ഷത്തോളം ആളുകളുണ്ടെന്ന് അദ്ദേഹം സമ്മതിച്ചു. അവർ ഒരു സ്ഥിരം ജോലിയായിട്ട് ഇത് തെരഞ്ഞെടുക്കുന്നില്ല, അവർ ഒരു ഇടത്താവളമായി തെരഞ്ഞെടുക്കുകയാണ്. അതുകൊണ്ട് അവർക്ക് ഒരു ക്ഷേമപദ്ധതിയുടെ ആവശ്യമില്ല എന്നാണ് പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി കേരളത്തിലെ ലക്ഷക്കണക്കിന് വരുന്ന ഈ മേഖലയിൽ പണിയെടുക്കുന്ന അദ്ധ്യാപകരെ ആകെ നിരാശപ്പെടുത്തുന്നതാണ്. കേരളത്തിൽ എതാണ്ട് പതിനായിരത്തോളം വരുന്ന പാരലൽ കോളേജുകളിലായി ഒന്നര ലക്ഷത്തോളം അദ്ധ്യാപകരാണ് ജോലി ചെയ്തുവരുന്നത്. കേരളത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് ഏറ്റവും വിലയേറിയ സംഭാവന നൽകി വരുന്ന ഒരു വിഭാഗം വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് പാരലൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ. ഇവിടെ മുൻപുള്ള ഒരു കണക്കനുസരിച്ച് നമ്മുടെ പ്രീ ഡിഗ്രി വിദ്യാഭ്യാസമൊക്കെ നിലവിലുണ്ടായിരുന്ന സമയത്ത് പ്രീ ഡിഗ്രി, ബി. എ., ബി. കോം., എം. എ., എം. കോം. എന്നിവയിലായി നമ്മുടെ കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ രജിസ്റ്റർ ചെയ്തതിൽ ഏതാണ്ട് 50 ശതമാനത്തിനടുത്ത് കുട്ടികൾ പാരലൽ കോളേജിൽ പഠിക്കുന്നവരായിരുന്നു, പാരലൽ കോളേജുകൾ വഴി രജിസ്റ്റർ ചെയ്ത് പഠനം നടത്തുന്നവരായിരുന്നു. അതുകൊണ്ട് തന്നെ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ ആരെല്ലാം എന്തെല്ലാം പറഞ്ഞാലും, ഇന്ന് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാലഘട്ടമാണ്, ആ മേഖലയിൽ പാരലൽ കോളേജുകൾ വളരെ വർഷങ്ങളായി വിലയേറിയ സംഭാവനകളാണ് നൽകുന്നത്. നമ്മുടെ ഗവൺമെന്റ് സ്കൂളുകളിൽ ഉൾപ്പെടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെട്ടിട്ടുണ്ടെങ്കിൽ സത്യത്തിൽ അതിന്റെ പിന്നിൽ വിശ്രമരഹിതമായി അദ്ധ്വാനിച്ചത് ഈ പാരലൽ കോളേജ് അദ്ധ്യാപകരാണ്. കേരളത്തിലെ ഏറ്റവും വലിയ സാമൂഹ്യ പ്രശ്നം തൊഴിലില്ലായ്മയാണ്. ഓരോ വർഷം കഴിയുന്തോറും തൊഴിൽ ഇല്ലാത്തവരുടെ അംഗസംഖ്യ ക്രമാതീതമായി ഉയർന്നുവരികയാണ്. തൊഴിൽ ഇല്ലാത്തവരുടെ അംഗസംഖ്യ ഉയർന്നുവെന്ന് മാത്രമല്ല നമ്മെ സംബന്ധിച്ച് ഓരോ വർഷവും കേരളത്തിലെ സർവ്വകലാശാലകളിൽ നിന്ന് ആയിരക്കണക്കിന് ബിരുദധാരികളും ബിരുദാനന്തര ബിരുദധാരികളും പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. സർക്കാർ തന്നെ സമ്മതിക്കുന്ന ഒരു കാര്യമാണ്. സർക്കാരിനെ ആശ്രയിച്ച് മാത്രം ഒരു തൊഴിൽ എന്നത് ഒരു കാരണവശാലും നമുക്ക് അംഗീകരിച്ച് മുന്നോട്ട് പോകാൻ കഴിയില്ല എന്നുള്ളത്. കേരളത്തിന്റെ അനുഭവം, ഓരോ വർഷം ചെല്ലുന്തോറും തൊഴിലവസരങ്ങൾ തന്നെ കുറഞ്ഞുവരികയാണ്. പൊതുമേഖലാസ്ഥാപനങ്ങളുടെ സ്ഥിതി നമുക്കറിയാം. അതുപോലെതന്നെ സർക്കാരിന്റെ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ സ്ഥിതിയും അറിയാം. തസ്തികകൾ വെട്ടിക്കുറയ്ക്കുന്ന ഒരു കാലഘട്ടമാണ്. കേരളത്തിലെ ചെറുപ്പക്കാരുടെ തൊഴിലില്ലായ്മ കേരളത്തിന്റെ ഏറ്റവും

വലിയ സാമൂഹ്യ പ്രശ്നമായി മാറുകയാണ്. കേരളത്തിൽ വർഗ്ഗീയ സംഘർഷങ്ങളിൽ, അസാൻമാർഗ്ഗിക പ്രവർത്തനങ്ങളിലെല്ലാം ചെറുപ്പക്കാർ വഴിതെറ്റി എത്തിച്ചേരുന്നതിന്റെ യഥാർത്ഥ കാരണങ്ങൾ അന്വേഷിച്ച് പോയാൽ മനസ്സിലാക്കാൻ കഴിയുന്നത്, രൂക്ഷമായിട്ടുള്ള തൊഴിലില്ലായ്മയാണ് എന്നുള്ള കാര്യം മനസ്സിലാക്കാൻ കഴിയും. അങ്ങനെയൊരു അവസരത്തിൽ സമൂഹത്തിൽ മാനമായി, മര്യാദയായി ജീവിക്കണമെന്ന് ആഗ്രഹിക്കുന്ന ആളുകളാണ് ഈ പാരലൽ കോളേജ് അദ്ധ്യാപകരായി ഇറങ്ങിത്തിരിക്കുന്നത്. അവർക്ക് മര്യാദയ്ക്ക്, മാന്യമായി സമൂഹത്തിൽ ജീവിക്കണമെന്ന് ആഗ്രഹമുള്ളതുകൊണ്ട് അവർ പാരലൽ കോളേജ് അദ്ധ്യാപകരായി മാറുകയാണ്. ഇവിടെ മന്ത്രി പറഞ്ഞു, ഇടത്താവളമായി കരുതുന്നവരാണെന്ന്. പത്തും പതിനഞ്ചും ഇരുപതും ഇരുപത്തഞ്ചും വർഷം ജോലി ചെയ്തവരുടെ ജില്ല തിരിച്ചുള്ള കണക്ക് അവരുടെ സംഘടനയുടെ നേതാക്കൻമാർ തന്നത് എന്റെ കയ്യിലുണ്ട്. ഇരുപത്തഞ്ചും മുപ്പതും വർഷം തുടർച്ചയായി പാരലൽ കോളേജ് അദ്ധ്യാപകരായി ജോലി ചെയ്യുന്ന ആളുകൾ ഒന്നര ലക്ഷത്തിൽ ഏതാണ്ട് 30 ശതമാനത്തോളം വരുന്നുണ്ട്. പത്ത് വർഷമായി, പതിനഞ്ച് വർഷമായി ജോലി ചെയ്യുന്നവരുണ്ട്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതും ഞാൻ തള്ളിക്കളയുന്നില്ല. ചില ആളുകൾ ഒരു ഇടത്താവളമായി ഈ രംഗത്ത് വരുന്നുണ്ട്. പക്ഷേ മഹാഭൂരിപക്ഷം ആളുകളും പാരലൽ കോളേജ് അദ്ധ്യാപകരായി തന്നെ തുടങ്ങി കേരളത്തിന്റെ സാമൂഹ്യപ്രശ്നമായ തൊഴിലില്ലായ്മയിൽ നിന്ന് കരകയറാൻ കഴിയാത്ത ഒരു സ്ഥിതിയിൽ പാരലൽ കോളേജ് അദ്ധ്യാപകരായി തന്നെ അവസാനം വരെ പ്രവർത്തിക്കേണ്ടി വരുന്ന ഒരു സാഹചര്യമാണുള്ളത്. കേരളത്തിൽ മൂന്ന് തരം പാരലൽ കോളേജുകൾ പ്രവർത്തിക്കുകയാണ്. ഒന്ന്, നിങ്ങൾക്കറിയാം, സ്വകാര്യ മാനേജ്മെന്റുകൾ ലാഭകരമായ ഒരു ബിസിനസായി പാരലൽ കോളേജുകൾ നടത്തുന്നുണ്ട്. അതിലും ആയിരക്കണക്കിന് ആളുകൾ പണിയെടുക്കുന്നുണ്ട്. കോ-ഓപ്പറേറ്റീവ് മേഖലയിൽ കേരളത്തിന്റെ എല്ലാ താലൂക്കുകളിലും നമ്മുടെ പാരലൽ കോളേജുകളുണ്ട്. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന കോളേജുകളുണ്ട്. മൂന്നാമത്തെ വിഭാഗം ഇവിടെ എല്ലാവർക്കും അറിയാവുന്നതാണ്. ആ സ്ഥാപനങ്ങൾക്ക് മാനേജ്മെന്റില്ല, അദ്ധ്യാപകരെന്ന പ്രത്യേക വിഭാഗവുമില്ല. നാട്ടിൻപ്രദേശത്ത് ഒരു സംഘം അദ്ധ്യാപകർ എവിടെനിന്നെങ്കിലുമൊക്കെ ബ്ലെയ്ഡ് പലിശയ്ക്ക് പണം കടം വാങ്ങിച്ചുകൊണ്ട് ഒരു തൊഴിൽ എന്നുള്ള നിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തുടങ്ങുന്ന സ്ഥിതിയുണ്ട്. ഇങ്ങനെയുള്ള പാരലൽ കോളേജുകളുടെ യഥാർത്ഥ സ്ഥിതി പരിശോധിക്കണം. യഥാർത്ഥത്തിൽ പാരലൽ കോളേജ് അദ്ധ്യാപകരായി ഇറങ്ങിത്തിരിച്ചിരിക്കുന്ന ആളുകൾക്ക് കൃത്യമായിട്ടുള്ള ജോലി സമയമില്ല. ഇവിടെ 8 മണിക്കൂർ ജോലിക്കായി മുറവിളി കൂട്ടുകയാണ്. പാരലൽ കോളേജ് അദ്ധ്യാപകർ 10 മണിക്കൂർ, 12 മണിക്കൂർ ജോലി ചെയ്യുകയാണ്. ജോലിക്ക് സമയമില്ല. രാവിലെ 6 മണിക്ക് പോവുകയാണ്. രാവിലെ 6 മണിക്ക് പോയി വൈകിട്ട് 7 മണി വരെ ജോലി ചെയ്യുന്നു. നമ്മുടെ കേരളത്തിൽ ക്രിസ്തുമസ് പരീക്ഷ വന്നാൽ, ഓണ പരീക്ഷ വന്നാൽ,

LIBRARY ARCHIVES Kerala Legislative Assembly

സർവ്വകലാശാലകളിലെ പ്രധാന പരീക്ഷകൾ വന്നാൽ അദ്ധ്യാപകർ രാവും പകലുമില്ലാതെ കുട്ടികളെ പരീക്ഷ എന്നുപറയുന്ന കടമ്പ കടത്തുന്നതിന് വേണ്ടി അദ്ധ്വാനിക്കുകയാണ്. അവർക്ക് യാതൊരു സമയവുമില്ല. പത്തും പന്ത്രണ്ടും മണിക്കൂർ ജോലി ചെയ്യുന്നവരാണ് പാരലൽ കോളേജ് അദ്ധ്യാപകർ. അവർക്ക് തൊഴിൽ ഉറപ്പുണ്ടോ? എവിടെയെങ്കിലും പഠിപ്പിക്കാൻ പോയാൽ ഇവിടെ പറയുന്നു ഇടത്താവളമല്ലേ? എത്രയോ വർഷക്കാലമായി പഠിപ്പിക്കുന്നവരുണ്ട്. സ്ഥാപനം നടത്തുന്ന ആളുകൾ എപ്പോൾ പറഞ്ഞുവിട്ടോ അപ്പോൾ അവിടെ നിന്ന് ഇറങ്ങിപോകേണ്ട സ്ഥിതിവരുന്നു. യാതൊരു തൊഴിലുറപ്പും ഇല്ലാത്ത ഒരു മേഖലയായി ഈ പാരലൽ കോളേജ് അദ്ധ്യാപകരുടെ സ്ഥിതി മാറുകയാണ്. ഇവിടെ സ്വകാര്യ മാനേജ്മെന്റ് നടത്തുന്ന പല സ്ഥാപനങ്ങളിലും നമ്മുടെ തലസ്ഥാനമായ തിരുവനന്തപുരത്ത് ഉൾപ്പെടെ മാനേജ്മെന്റിന് എതിരായി എത്രയോ തവണ സമരത്തിന്റെ വക്കോളം എത്തി. ഒരു നയാപൈസ കൊടുക്കാതെ നീ നാളെ മുതൽ വരണ്ട എന്നുപറഞ്ഞ് ആട്ടി പുറത്തിറക്കുന്ന എത്രയോ സ്ഥാപനങ്ങൾ ഈ തലസ്ഥാനത്ത് പോലും വന്നു. പ്രക്ഷോഭ സമരങ്ങളുടെ വക്കോളം എത്തുന്നുവെന്ന് കണ്ടപ്പോൾ ചില ആളുകളെ തിരിച്ചെടുത്തു. ഒരു നയാപൈസയുടെ ആനുകൂല്യം കൊടുത്ത് പറഞ്ഞ് അയയ്ക്കുന്നില്ല. എത്രയാണ് അവരുടെ ശമ്പളം?

ശ്രീ. ടി. പി. രാമകൃഷ്ണൻ: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞപ്പോൾ, പാരലൽ കോളേജ് അദ്ധ്യാപകർ കേരളത്തിൽ എത്രയാണെന്ന് നിർണ്ണയിക്കപ്പെട്ടിട്ടില്ല എന്നാണ് പറഞ്ഞത്. എന്നാൽ ഒരു ലക്ഷത്തോളം ഉണ്ടെന്നുള്ളത് സമ്മതിക്കുകയും ചെയ്യുന്നുണ്ട്. യഥാർത്ഥത്തിൽ പാരലൽ കോളജ് എന്നുപറയുന്നത് കേരളത്തിലെ സമാന്തര വിദ്യാഭ്യാസ മേഖലയായി മാറിക്കഴിഞ്ഞിട്ടുണ്ട്. അവിടെയാണ് ബഹുമാനപ്പെട്ട മെമ്പർ രാധാകൃഷ്ണൻ പറയുന്ന ഈ ബില്ലിന്റെ പ്രസക്തി വരുന്നത്. പാരലൽ കോളേജ് അദ്ധ്യാപകരുടെ എണ്ണം നിർണ്ണയിക്കുന്നതിന് ഈ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും, അദ്ധ്യാപകരെ രജിസ്റ്റർ ചെയ്യുന്നതിനും വേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതിനെക്കുറിച്ചും, അങ്ങ് ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നതിനും പാരലൽ കോളേജ് അദ്ധ്യാപകർക്ക് ശമ്പള വ്യവസ്ഥ നിർണ്ണയിക്കുന്നതിനുമുള്ള കാര്യങ്ങളെക്കുറിച്ചും അങ്ങയുടെ നിലപാട് എന്താണെന്ന് കൂടി വ്യക്തമാക്കുമോ?

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: തീർച്ചയായും ഇത് ഈ ബില്ലിൽ പറയുന്നുണ്ട്. ഇത് രജിസ്റ്റർ ചെയ്യണമെന്നും അവർക്ക് ഐഡന്റിറ്റി കാർഡ് നൽകണമെന്നും ക്ഷേമപദ്ധതി രൂപീകരിക്കുമ്പോൾ അതിനാവശ്യമായിട്ടുള്ള വ്യവസ്ഥ ചെയ്യണമെന്നും ഈ ബില്ലിൽ പറയുന്നുണ്ട്. വളരെ വ്യക്തമായി പറയുകയാണ്. ഇവർക്ക് ശമ്പളമില്ല. എന്റെ താലൂക്കിൽ ഒരു അദ്ധ്യാപകൻ ഏതാണ്ട് 20 വർഷമായി പാരലൽ കോളേജ് അദ്ധ്യാപകനായി ജോലി ചെയ്യുകയാണ്. എം. എ. ഹിസ്റ്ററിക്കാരനാണ്. എന്റെ അടുത്ത സുഹൃത്താണ്. അടുത്ത കാലത്ത് അദ്ദേഹത്തോട് ശമ്പളം എത്രയാണെന്ന് ചോദിച്ചപ്പോൾ, അദ്ദേഹത്തിന് കിട്ടുന്ന ശമ്പളം, 20 വർഷത്തെ സർവ്വീസുള്ള എന്റെ താലൂക്കിലെ പാരലൽ കോളേജ് അദ്ധ്യാപകന് കിട്ടുന്നത് 2100 രൂപയാണ്. യാതൊരു വ്യവസ്ഥയുമില്ല. നിങ്ങൾക്കറിയാം ഇവിടെ തൊഴിലില്ലായ്മയെക്കുറിച്ച് പറയുന്നു. ഏറ്റവും കൂടുതൽ വനിതകൾ ജോലി ചെയ്യുന്ന ഒരു മേഖലയാണിത്. പല പാരലൽ കോളേജുകളിലും ചൂഷണമാണ് നടക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ശ്രീ. രാധാകൃഷ്ണൻ, പാരലൽ കോളേജിലെ അദ്ധ്യാപകരും അതിന്റെ ഉടമയും തമ്മിൽ വലിയ വ്യത്യാസമില്ല. പാരലൽ കോളേജിന്റെ പ്രധാനപ്പെട്ട പ്രശ്നം, പാരലൽ കോളേജ് ഉടമ തന്നെ അവിടെ അദ്ധ്യാപകനാണ്. ഉടമ മാത്രമല്ല, ഉടമയുടെ ഭാര്യയും അവിടെ അദ്ധ്യാപികയാണ്. ഉടമയും തൊഴിലെടുക്കുന്ന വ്യക്തിയും ഒന്നായി മാറുന്നത് എറ്റവും പ്രധാനമായ കാര്യമാണ്. അതുകൊണ്ട് ക്ഷേമനിധി എന്നുപറയുമ്പോൾ ഉടമയ്ക്ക് ക്ഷേമനിധി പോലെയേ പിന്നീട് കലാശിക്കു. അതാണ് പ്രധാനപ്പെട്ട പ്രശ്നം.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: ബഹുമാനപ്പെട്ട മെമ്പർ, അങ്ങ് ഒരു പുരോഗമന ആശയക്കാരനാണെന്നാണ് ഞാൻ ധരിച്ചത്. ഈ പാവപ്പെട്ട ആളുകൾക്ക് ക്ഷേമനിധി വരുന്നതിനെതിരായി ദയവുചെയ്ത് എന്തിനാണ് വാദമുഖങ്ങൾ നിരത്തുന്നത്. ഇതിൽ അങ്ങനെയൊരു പ്രശ്നമില്ല. അങ്ങനെയുള്ള സ്ഥാപനങ്ങളുമുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങ് എന്റെ പുരോഗമനാശയത്തെ പാരലൽ കോളേജ് വച്ച് മുറിക്കരുത്. പാരലൽ കോളേജിന്റെ മുറിക്കകത്ത് ഒതുക്കാവുന്നതല്ലല്ലോ പുരോഗമനാശയം. ഞാൻ കേരള സംസ്ഥാനത്ത് നിലവിലുള്ള യഥാർത്ഥ സ്ഥിതി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയെന്ന് മാത്രമേയുള്ളു.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ, അങ്ങ് ചൂണ്ടിക്കാണിച്ചത് ഒരു വിഭാഗം മാത്രമാണ്. അങ്ങേക്ക് അറിയാവുന്ന പാരലൽ കോളേജുകളിൽ ഒരു വിഭാഗം മാത്രമാണത്. ഇതിൽ ഉടമസ്ഥരും അദ്ധ്യാപകന്മാരായിട്ടുണ്ട്. 100-150 അദ്ധ്യാപകന്മാരെവെച്ച് പാരലൽ കോളേജ് നടത്തുന്ന സ്ഥാപനങ്ങൾ തിരുവനന്തപുരത്തുണ്ട്.

ശ്രീ. എം. എ. വാഹീദ് : സർ, പാരലൽ കോളേജിന് "xxxx" എന്ന പേരും ഇപ്പോൾ ഉണ്ടെന്ന് പറയുന്നു. ചില പാരലൽ കോളേജുകളിൽ xxxx എന്ന ആക്ഷേപം ഉണ്ട്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : അങ്ങയുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും പറഞ്ഞാൽ എനിക്കത് നിഷേധിക്കാൻ പറ്റില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. ടി. കെ. ദേവകുമാർ : സർ, ഈ കേരളത്തിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് എന്നും സഹായം എത്തിച്ചുകൊടുക്കുന്നതാണ് കേരളത്തിലെ പാരലൽ വിദ്യാഭ്യാസ സംവിധാനം. ആ പാരലൽ വിദ്യാഭ്യാസ സംവിധാനം എന്നു പറയുന്നതുതന്നെ തൊഴിലില്ലാത്ത ചെറുപ്പക്കാർ, അവർ സേവന മുഖത്തിൽ ചെയ്യുന്നതാണ്. ഫീസ് പലതും കൊടുക്കാറില്ല. ആ സ്ഥാപനത്തെ സംബന്ധിച്ച് നിയമസഭാ രേഖയിൽ ഇത്രയും വികൃതമായ ഒരു പരാമർശം ഉണ്ടാകരുത്. അത് ബഹുമാനപ്പെട്ട അങ്ങയുടെ റൂളിംഗിലൂടെ നീക്കണം. കാരണം പാവപ്പെട്ടവരുടെ കുട്ടികൾ പഠിക്കുന്ന ഒരു സ്ഥാപനത്തെക്കുറിച്ച്, ബഹുമാനപ്പെട്ട മെമ്പർ അദ്ദേഹത്തിന്റെ ഒരു നിലവാരംവച്ച് ഇങ്ങനെ പറഞ്ഞതാണ്.

---

xxxx ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിർദ്ദേശാനുസരണം രേഖയിൽ നിന്നും നീക്കം ചെയ്തു.

മി. ഡെപ്യൂട്ടി സ്പീക്കർ : അത് രേഖയിൽ കാണുകയില്ല.....യെസ്..... രാധാകൃഷ്ണൻ അങ്ങയുടെ സമയം കഴിഞ്ഞു. Are you concluding today?

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : കണ്ടിന്യൂ ചെയ്യാം.

മി. ഡെപ്യൂട്ടി സ്പീക്കർ : You can continue next time.

(ചർച്ച തുടരും)

(3) 2003-ലെ കേരള മെഡിക്കൽ കോളേജുകളിൽ ഷിഫ്റ്റ് സമ്പ്രദായം നടപ്പിൽ വരുത്തി മെഡിക്കൽ സീറ്റ് ഇരട്ടിപ്പിക്കലും രോഗികൾക്ക് അധികമായ പരിചരണം ഉപലബ്ധമാക്കലും ബിൽ

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, 2003-ലെ കേരള മെഡിക്കൽ കോളേജുകളിൽ ഷിഫ്റ്റ് സമ്പ്രദായം നടപ്പിൽവരുത്തി മെഡിക്കൽ സീറ്റ് ഇരട്ടിപ്പിക്കലും രോഗികൾക്ക് അധികമായ പരിചരണം ഉപലബ്ധമാക്കലും ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) : സർ, ഞാൻ ഇതിനെ എതിർക്കുകയാണ്. അപ്രായോഗികമായ സാമ്പത്തിക ബുദ്ധിമുട്ടുണ്ടാക്കുന്ന ബില്ലു കൊണ്ടുവന്നാൽ എതിർക്കുകയല്ലാതെ എങ്ങനെ അനുവദിക്കാൻ പറ്റും. അതിന്റെ കാരണം പറയാം. ഈ നിയമസഭയിൽ, ഏതെങ്കിലും ഒരു ഗവൺമെന്റ് മുഴുവനായിട്ട് അനുവദിച്ചതായിട്ട് താങ്കൾക്ക് ചൂണ്ടിക്കാണിക്കാൻ കഴിയുകയില്ല. ഇതിൽ.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : അത് അങ്ങേരെ ഏല്പിച്ചതുകൊണ്ട് ചെയ്യുന്നു.

ശ്രീ. എം. വി. ജയരാജൻ : സർ, ഏതായാലും ബഹുമാനപ്പെട്ട മന്ത്രിതന്നെ ഈ ചുമതല എടുക്കാതെ പുതിയ ഒരു വകുപ്പ് കൂടി രൂപീകരിക്കാൻ ആലോചിക്കുന്ന ഒരു നിലപാട് ഈ പറയുന്ന പരിതഃസ്ഥിതിയിൽ മന്ത്രിയേയും ഉൾപ്പെടുത്താൻ ആലോചിക്കുമോ ? ഈ പറയുന്ന കീടനാശിനി വകുപ്പല്ലാതെ ഒരു എതിർപ്പ് വകുപ്പ് കൂടി ചേർത്താൽ, അവിടെയുള്ള ഗ്രൂപ്പ് തർക്കം കൂടി ചേർത്താൽ ഈ വഴക്ക് തീർക്കാൻ കഴിയും.....

മി. ഡെപ്യൂട്ടി സ്പീക്കർ : അത് വരുമ്പോൾ അല്ലേ, ഇപ്പോഴത്തെ കാര്യം പറയൂ.

ശ്രീ. എം. വി. ജയരാജൻ : അങ്ങനെയുള്ള ഒരു മന്ത്രിയെക്കൊണ്ട് ഈ കാര്യം ചെയ്യിക്കുന്നതല്ലെ നല്ലത്.....

മി. ഡെപ്യൂട്ടി സ്പീക്കർ : യെസ്.....യെസ്.....പ്ലീസ്.....

ശ്രീ. എം. എം. ഹസ്സൻ : നിങ്ങൾക്ക് നിരാശയും പ്രയാസവും ഒക്കെ കാണും, എനിക്ക് ഈ ജോലി ചെയ്യാതിരിക്കാൻ പറ്റില്ല.

LIBRARY ARCHIVES Kerala Legislative Assembly